പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 398 06.02.2013-ൽ മറുപടിയ്ക്ക്

# സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം

ചോദ്യം

ശ്രീ. എ. കെ. ബാലൻ :

,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

,, വി. ശിവൻകുട്ടി :

,, കെ. കുഞ്ഞമ്മത് മാസ്റ്റർ:

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയാണ്; ഇത് എങ്ങനെയാണ് ലഭ്യമാക്കുന്നത്; വിശദമാക്കുമോ;

(എ) (എ) ഇപ്പോഴത്തെ പ്രതിദിന ശരാശരി ഉപഭോഗം 54 ദശലക്ഷം യൂണിറ്റാണ്. ഇത് സംസ്ഥാനത്തെ ജലവൈദ്യുതി പദ്ധതികളിൽ നിന്നും, കായംകുളം വൈദ്യുതി നിലയത്തിൽ നിന്നും ബോർഡിന്റെ തന്നെ ദ്രവ ഇന്ധന നിലയങ്ങളിൽ നിന്നും, കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നും, വൈദ്യുതി വ്യാപാരികളിൽ നിന്നും, പവർ എക്സ്ചേഞ്ചുകളിൽ നിന്നുമാണ് ലഭ്യമാക്കുന്നത്.

| ക്രമ നമ്പർ | നിലയം/മേഖല | പ്രതിദിന ഉത്പാദനം/വിഹിതം/ വാങ്ങൽ (ദശലക്ഷം യൂണിറ്റിൽ) |
|---|---|---|
| 1 | ജലവൈദ്യുതി | 7.08 |
| 2 | കായംകുളം താപനിലയം | 7.16 |
| 3 | ബി.ഡി.പി.പി | 0.334 |
| 4 | കെ.ഡി.പി.പി | 1.38 |
| 5 | സ്വകാര്യ നിലയങ്ങൾ (കാറ്റാടി യന്ത്രങ്ങൾ ഉൾപ്പെടെ) | 0.22 |
| 6 | കേന്ദ്ര വിഹിതം | 24.47 |
| 7 | വൈദ്യുതി വ്യാപാരികൾ/പവർ എക്സ്ചേഞ്ചുകൾ | 13.35 |
| | ആകെ | 54.00 |

(ബി) ഇപ്പോഴത്തെ ശരാശരി വൈദ്യുതി വാങ്ങൽ ചെലവ് എത്രയാണ്; മാർച്ച്-ഏപ്രിൽ മാസങ്ങളിലെ വർദ്ധിച്ച വൈദ്യുതി ഉപഭോഗം നേരിടുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വൈദ്യുതി

(ബി) ഇപ്പോഴത്തെ ശരാശരി വൈദ്യുതി വാങ്ങൽ ചെലവ് BDPP, KDPP തുടങ്ങിയവയുടെ ഇന്ധന വിലയുൾപ്പെടെ പ്രതിമാസം 7.25 കോടി രൂപയോളമാണ്. സംസ്ഥാനത്തെ ഊർജ്ജ പ്രതിസന്ധി കണക്കിലെടുത്ത് 2012 ഒക്ടോബർ മുതൽ 2013 മെയ് മാസം വരെ 650 മെഗാവാട്ട് വൈദ്യുതി, വ്യാപാരികൾ

ഉപഭോഗം നിയന്ത്രിക്കേണ്ട സാഹചര്യം നിലവിലുണ്ടോ?

മുഖേന വാങ്ങുന്നതിന് കരാറിലേർപ്പെട്ടിട്ടുണ്ട്. ഈ വൈദ്യുതി കൊണ്ടു വരുന്നതിനുള്ള 'ഓപ്പൺ അക്സസ്' (open acess) ലഭിച്ചിട്ടില്ല. 140 മെഗാവാട്ട് വൈദ്യുതി, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വ്യാപാരികളിൽ നിന്ന് വാങ്ങുന്നതിനുള്ള കരാറിലേർപ്പെട്ടിട്ടുണ്ട്. കൂടാതെ പവർ എക്സ്ചേഞ്ചുകളിൽ നിന്നും, കായംകുളം താപനിലയത്തിൽ നിന്നും ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയും, ബോർഡിൻെറ തന്നെ ദ്രവ ഇന്ധന നിലയങ്ങളായ കെ.ഡി.പി.പി, ബി.ഡി.പി.പി എന്നിവയിൽ നിന്നു ഉയർന്ന നിരക്കിലുള്ള വൈദ്യുതി ഉല്പാദിപ്പിച്ചും പ്രതിസന്ധി തരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ മാർച്ച് മാസക്കാലയളവിലേക്ക് ദക്ഷിണേന്ത്യയിലെ വൈദ്യുതി വ്യാപാരികളിൽ നിന്ന്, വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മേൽപറഞ്ഞ നടപടികൾക്കു ശേഷവും, സംസ്ഥാനത്തെ ഊർജ്ജാവശ്യകത നിറവേറ്റാൻ സാധിക്കുന്നില്ല. ടി. കാരണത്താൽ, സംസ്ഥാനത്ത് 27.09.2012 മുതൽ രാവിലെ 6 മണി മുതൽ 9 മണി വരെയും, വൈകുന്നേരം 6.30 മുതൽ 10.30 വരെയും, അര മണിക്കൂർ വീതം സൈക്ളിക് ലോഡ് ഷെഡിങ്ങും, കൂടാതെ, 15.12.2012 മുതൽ വിവിധ വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി ഉപയോഗത്തിൽ 20 ശതമാനം മുതൽ 25 ശതമാനം വരെ വൈദ്യുതി നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് അടുത്ത കാലവർഷം ശക്തി പ്രാപിക്കുന്നതു വരെ, നിലവിലുള്ള നിയന്ത്രണം തുടരേണ്ടതുണ്ട്.

സെക്ഷൻ ഓഫീസർ.